**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിലെ പ്രവൃത്തി പൂർത്തിയായ പി.എം.എസ്.എസ്.വൈ ബ്ലോക്ക് പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിന്റെയും ഓപ്പറേഷൻ തിയേറ്ററുകളുടെയും നിലവിലുള്ള സ്ഥലപരിമിതി, അസൗകര്യങ്ങൾ എന്നിവ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജി ലെ അത്യാഹിത വിഭാഗത്തിന്റെയും ഓപ്പറേഷൻ തിയേറ്ററുകളുടെയും നിലവിലുള്ള സ്ഥലപരിമിതിയും അസൗകര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അത്യാഹിത വിഭാഗം, ഓപ്പറേഷൻ തീയേറ്റർ എന്നിവ പ്രവർത്തിപ്പിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ള പി.എം.എസ്.എസ്.വൈ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; | (ബി) | പി.എം.എസ്.എസ്.വൈ ബ്ലോക്കിന്റെ നിർമ്മാണം 99% പൂർത്തിയായിട്ടുണ്ട്. |
| (സി) | എത്ര കോടി രൂപ ചെലവിട്ടാണ് പ്രസ്തുത കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കിയത് എന്നറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉപകരണങ്ങൾ പ്രസ്തുത ബ്ലോക്കിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ; | (സി) | 195.93 കോടി രൂപ ചെലവഴിച്ചാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നത്. പി.എം.എസ്.എസ്.വൈ ബ്ലോക്കിൽ പുതിയ എം.ആർ.ഐ മെഷീൻ സ്ഥാപിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| (ഡി) | അത്യാഹിത വിഭാഗവും ഓപ്പറേഷൻ തീയേറ്ററും പ്രസ്തുത കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ? | (ഡി) | ഈ ബ്ലോക്കിലേയ്ക്കാവശ്യമായ ട്രോമാ ട്രോളിയും, സി.റ്റി.യു.എസ്.ജി മെഷീനും, ഓപ്പറേഷൻ തീയേറ്റർ ടേബിളും, ഇ.ഡി.ഐ.സി.യു വെന്റിലേറ്ററും ഈ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന്റെ പക്കൽ നിന്നും ലഭിക്കാനുണ്ട്. ജീവനക്കാരുടെ അധിക തസ്തിക സൃഷ്ടിക്കുകയും, ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്താലുടൻ അത്യാഹിത വിഭാഗവും, ഓപ്പറേഷൻ തീയേറ്ററും പി.എം.എസ്.എസ്.വൈ ബ്ലോക്കിലേയ്ക്ക് മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ